പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം :*206 05.02. 2018 ൽ മറുപടിക്ക്

## ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട്

ചോദ്യം

ശ്രീ.സി.മമ്മൂട്ടി

"പി.കെ.അബ്ദുറബ്ബ്

"പി.ബി.അബ്ദുൽ റസ്സാക്ക്

" അബ്ദുൽ ഹമീദ് .പി

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ കോഴിക്കോട് കേന്ദ്രമായുള്ള ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിനെ ചുമതലപ്പെട്ടുത്തിയിരുന്നുവോ; | (എ) ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ടു സമർപ്പിക്കുവാൻ കോഴിക്കോട് കേന്ദ്രമായുള്ള ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിനെ ചുമതലപ്പെടുത്തിയിരുന്നു. |
| (ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) കെ.എസ്.ഇ.ബി.എൽ.-ന്റെ സേവന നിലവാരം മെച്ചപ്പെടുത്തി കാര്യക്ഷമത വർദ്ധിപ്പിച്ച് കാര്യപ്രാപ്തിയിൽ എത്തിക്കുന്നതിനായി ഒരു പഠനം നടത്തുവാൻ 13.03.2014-ൽ 57,57,326/- രൂപ മൊത്തം ചെലവിൽ ഐ.ഐ.എം. കോഴിക്കോടുമായി കെ.എസ്.ഇ.ബി.എൽ. കരാറിൽ ഏർപ്പെട്ടു.<br><br>കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രകടനം ലോകോത്തരമായ മറ്റ് പവർ യൂട്ടിലിറ്റീസുമായി തുലനം ചെയ്യുക, കെ.എസ്.ഇ.ബി.എൽ.-ന്റെ സേവന നിലവാരം വിലയിരുത്തുക, ഘടനാപരമായ മാറ്റത്തിന്റെ ആവശ്യകത പഠിക്കുക, ഓരോ വിഭാഗത്തിലും ആവശ്യമായ ജീവനക്കാരുടെ എണ്ണം തിട്ടപ്പെടുത്തുക. ജീവനക്കാരുടെ പരിശീലന അവശ്യകതകൾ കണ്ടെത്തുക, ജീവനക്കാരുടെ പുനർ വിന്യാസത്തെ സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുക, തുടങ്ങിയവയായിരുന്നു പ്രധാന പഠന വിഷയങ്ങൾ.<br><br>തുടർന്ന് ഐ.ഐ.എം. കോഴിക്കോട് ഉപഭോക്താക്കൾക്ക് ഇടയിലും, ജീവനക്കാരുടെ ഇടയിലും വിവിധ പഠനങ്ങളും സർവ്വേകളും നടത്തുകയും 03.05.2016-ൽ കെ.എസ്.ഇ.ബി.എൽ.(ബോർഡിന്) മുമ്പാകെ കണ്ടെത്തലുകൾ അവതരിപ്പിക്കുകയും ഒരു റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. അന്നേ ദിവസം കൂടിയ ബോർഡു യോഗം ടി റിപ്പോർട്ട് നടപ്പിലാക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഡയറക്ടർ |

| | |
|---|---|
| | (ഫിനാൻസ്) അദ്ധ്യക്ഷനായ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തി.<br><br>ഈ റിപ്പോർട്ടിന്മേൽ ചില വിശദീകരണങ്ങൾ പ്രസ്തുത കമ്മിറ്റി ഐ.ഐ.എം. കോഴിക്കോടിനോട് ആരായുകയും ആയവ സംബന്ധിച്ച തുടർപഠനങ്ങൾ ഐ.ഐ.എം.കോഴിക്കോട് നടത്തുകയും 07.06.2017-ന് അന്തിമ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഐ.ഐ.എം. കോഴിക്കോട് സമർപ്പിച്ച നിർദ്ദേശങ്ങൾ പഠിച്ച് വേണ്ട ചർച്ചകൾ നടത്തി നടപ്പിലാക്കേണ്ടതിലേക്കാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിലേയ്ക്കായി ഡയറക്ടർ (ഫിനാൻസ്)അദ്ധ്യക്ഷനും, ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം.) കൺവീനറായും, ഡയറക്ടേഴ്സ് അംഗങ്ങളു മായിട്ടുള്ള ഒരു ഉന്നത അധികാര സമിതിയെ കെ.എസ്.ഇ.ബി.എൽ. (ബോർഡ്) ചുമതലപ്പെടുത്തി. പ്രസ്തുത കമ്മിറ്റി ഇത് സംബന്ധിച്ച് ചർച്ചകൾ നടത്തുകയും കമ്മിറ്റിയുടെ ശുപാർശകൾ ഫുൾടൈം ഡയറക്ടേഴ്സിന് മുമ്പാകെ സമർപ്പിക്കുകയും ചെയ്തു. ഈ വിഷയം ഇപ്പോൾ ഫുൾടൈം ഡയറക്ടേഴ്സിന്റെ പരിഗണനയിലാണ്. |
| സി) റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാ-മാണ്; | (സി) റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ ചുവടെ ചേർക്കുന്നു.<br>1. ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ.<br>2. ഉപഭോക്താക്കൾക്ക് കമ്പ്യൂട്ടർവൽകൃത സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ.<br>3. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഓഫീസുകളിലെ ആശയവിനിമയം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ.<br>4.വിവിധ ഓഫീസുകളിൽ പുനസംഘടന നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ.<br><br>5. ജീവനക്കാരെ പുനർവിന്യാസം നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ.<br><br>6. റവന്യൂ ചെലവ് കുറയ്ക്കുന്നതിനുള്ള നിർദ്ദേശങ്ങൾ.<br>7.ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും പരിശീലനം നൽകുന്നതിനുമുള്ള നിർദ്ദേശങ്ങൾ.<br>8. ചില തസ്തികകളിൽ യോഗ്യത പുനർനിർണ്ണയം ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ.<br>9. ഉദ്യോഗകയറ്റം നൽകുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ.<br>10. ആശ്രിത നിയമനത്തെ സംബന്ധിച്ച നിർദ്ദേശങ്ങൾ.<br>11. സ്പോർട്സ് ക്വോട്ട നിയമനം സംബന്ധിച്ച നിർദ്ദേശങ്ങൾ.<br>12. ചില തസ്തികകളുടെ ഏകീകരണം സംബന്ധിച്ച നിർദ്ദേശങ്ങൾ.<br>13. ചില തസ്തികകൾ നിർത്തലാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ.<br><br>14. ചില തസ്തികകളുടെ എണ്ണം കുറയ്ക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ.<br>15. ചില ഓഫീസുകൾ സംയോജിച്ച് ഏകീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ.<br>16. ജീവനക്കാരുടെ ഉദ്യോഗ കയറ്റവും പുരോഗമനവും സംബന്ധിച്ച നിർദ്ദേശങ്ങൾ. |

| | |
|---|---|
| | മേൽപറഞ്ഞ നിർദ്ദേശങ്ങളുടെ വിശദീകരണം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) ബോർഡിൽ ആശ്രിത നിയമനം നിർത്തലാക്കാൻ നിർദ്ദേശമുണ്ടോ; | (ഡി) ഐ.ഐ.എം.കോഴിക്കോട് സമർപ്പിച്ച റിപ്പോർട്ടിൽ ആശ്രിത നിയമനത്തെ സംബന്ധിച്ച താഴെ പറയുന്ന മൂന്ന് ശുപാർശകൾ കെ.എസ്.ഇ.ബി.എൽ.-ന് പരിഗണിക്കാവുന്നതാണെന്ന് സൂചിപ്പിച്ചിരിക്കുന്നു.<br>1. നിയമനത്തിന് മുമ്പായി ആശ്രിതരെ കെ.എസ്.ഇ.ബി.എൽ.-ന്റെ ചെലവിൽ പരിശീലിപ്പിക്കുകയും വിജയകരമായി പരിശീലനം പൂർത്തിയാകുന്ന മുറയ്ക്ക് നിയമനം നൽകുകയും ചെയ്യുക.<br>2. ആശ്രിതർക്ക് ആദ്യം താൽക്കാലിക നിയമനം നൽകിയ ശേഷം ആവശ്യമായ യോഗ്യത കൈവരിച്ച ശേഷം സ്ഥിരനിയമനം നൽകുക.<br>3. ജീവനക്കാരുടെ ആശ്രിതർക്ക് തുടർന്ന് ജീവിക്കുവാൻ ആവശ്യമായ തരത്തിൽ വളരെ ഉയർന്ന തുക ലഭിക്കുന്ന "ഗ്രൂപ്പ് ടേം ഇൻഷ്വറൻസ് പോളിസി" കെ.എസ്.ഇ.ബി. എൽ-ന് പരിഗണിക്കാവുന്നതും കാലക്രമേണ ആശ്രിത നിയമനം നിർത്താവുന്നതുമാണ്.<br><br>ഇത്തരത്തിൽ ഐ.ഐ.എം.കോഴിക്കോട് അഭിപ്രായപ്പെട്ടിട്ടുണ്ടെങ്കിലും ആശ്രിത നിയമനം നിർത്തലാക്കുന്ന തരത്തിലുള്ള യാതൊരു നീക്കവും കെ.എസ്.ഇ.ബി.എൽ.-ന്റെ പരിഗണനയിൽ ഇല്ല. |
| (ഇ) ഏതെല്ലാം ജോലികളാണ് പുറം കരാറിന് നൽകുവാൻ തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കുമോ? | (ഇ) ഇപ്പോൾ കെ.എസ്.ഇ.ബി.എൽ.-ൽ യാതൊരു തസ്തികയുടെ ജോലിയും പുറം കരാറിന് നൽകുവാൻ ഇതുവരെ തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

- കാര്യക്ഷമത വർദ്ധിപ്പിക്കാനായി കെ.എസ്.ഇ.ബി.എൽ -ൽ എംപ്ലോയീസ് കോസ്റ്റ്, അഡ്മിനിസ്ട്രേറ്റീവ് കോസ്റ്റ്, ജനറൽ കോസ്റ്റ്, ഓപ്പറേറ്റിംഗ് & മെയിന്റനൻസ് കോസ്റ്റിൽ ശ്രദ്ധ കേന്ദ്രീകരിക്കണം.
- ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി കസ്റ്റമർ മാനേജ്മെന്റ് വിഭാഗം, കസ്റ്റമർ കെയർ ടെക്നോളജി സെന്റർ ആരംഭിക്കുക, സി.സി എക്സ്ട്രാക്കിംഗ് മെക്കാനിസം ഏർപ്പെടുത്തുക, ഉപഭോക്താക്കളുമായി ആശയവിനിമയം മെച്ചപ്പെടുത്തുക, ഓൺലൈൻ സർവ്വീസ് ലഭ്യമാക്കുക, മൂല്യാധിഷ്ഠിത സേവനങ്ങൾ നടപ്പിലാക്കുക, പ്രഖ്യാപിത പവർകട്ട്കൾക്ക് നിർദ്ദിഷ്ട സമയം (ഗാർഹിക ഉപഭോക്താക്കൾക്കും, വാണിജ്യ ഉപഭോക്താക്കൾക്കും വെവ്വേറെ സമയം) ഏർപ്പെടുത്തുക. ഐ.വി.ആർ കാൾസെന്റർ ഏർപ്പെടുത്തുക, ഇലക്ട്രിസിറ്റി ഇൻവോയിസിന്റെ ഘടന പുന:രൂപകല്പന ചെയ്യുക, കെ.എസ്.ഇ.ബി.എൽ നൽകുന്ന സൗജന്യ സേവനങ്ങളെക്കുറിച്ച് ബോധവൽക്കരണം നൽകുക, പെയ്മെന്റ് അടിസ്ഥാനത്തിൽ ലഭ്യമാക്കാവുന്ന വിവിധ അധിക സേവനങ്ങൾ ഏർപ്പെടുത്തുക, വാണിജ്യ സ്ഥാപനങ്ങൾക്ക് പകൽ സമയം പവർ ഉറപ്പുവരുത്തുക എന്നിവയാണ്.
- ഓഫീസ് കമ്മ്യൂണിക്കേഷൻ കമ്പ്യൂട്ടർ മുഖേന നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുക. മീറ്റിംഗുകൾ വീഡിയോ കോൺഫറൻസ് മുഖാന്തിരം നടത്തുക, സബ് ഡിവിഷൻ ഓഫീസുകൾക്ക് കമ്പ്യൂട്ടർ നൽകുക എന്നിവയും നിർദ്ദേശിച്ചിട്ടുണ്ട്.
- ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസുകളെ ഡിവിഷൻ ഓഫീസുകളോടൊപ്പം കൂട്ടിചേർക്കുക, സെക്ഷൻ ഓഫീസുകൾക്ക് കൂടുതൽ സ്വയം ഭരണാവകാശം നൽകുക, ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസുകൾക്ക് പ്രത്യേക വാഹന സൗകര്യം ഏർപ്പെടുത്തുക, ഡിവിഷൻ/സർക്കിൾ ഓഫീസ് തലങ്ങളിൽ ഘടനാപരമായി ചില മാറ്റങ്ങൾ വരുത്തുക എന്നും പരാമർശിക്കുന്നു.
- ഓരോ വിഭാഗത്തിനും മാനവ വിഭവ ശേഷി വിഭാഗം തലവനായി ഡെപ്യൂട്ടി ചീഫ് എൻജിനീയർ തലത്തിൽ ഉള്ള ഉദ്യോഗസ്ഥനെ നിയോഗിക്കുക, ഡിവിഷൻ/സർക്കിൾ തലത്തിൽ നിലവിലുള്ള സംവിധാനത്തെ പുന:ക്രമീകരിച്ച് മാനവ വിഭവ ശേഷി വിഭാഗം ആരംഭിക്കുക, മാനവ വിഭവശേഷി വിഭാഗത്തിന്റെ ആവശ്യകതയും വിന്യാസവും സ്ഥിരമായി വിശകലനം ചെയ്യുകയും അതിനനുസൃതമായി മാത്രം നിയമനങ്ങൾ, പരിശീലനം, ഉദ്യോഗകയറ്റം & സ്ഥലം മാറ്റം എന്നിവ നടത്തുക.
- ഓരോ തസ്തികയ്ക്കും അനിവാര്യമായ വൈദഗ്ദ്ധ്യം ഓരോ ജീവനക്കാരിലുമുണ്ടോ എന്ന് നിർണ്ണയിക്കുക, ഉയർന്ന തസ്തികകളിൽ പിൻതുടർച്ചാ പദ്ധതികൾ (Succession Planning) നടപ്പിലാക്കുക, എല്ലാ വർഷവും പരിശീലനത്തിന് ആവശ്യമായ വിശകലനങ്ങൾ നടത്തുക എന്നും നിർദ്ദേശിക്കുന്നു.

- വ്യവസായത്തിൽ നിലനിൽക്കുന്ന വേതനത്തിന്റെയും, ജീവനക്കാരുടെ മികവിന്റെയും അടിസ്ഥാനത്തിൽ ശമ്പളം, വേതനം ഇവ ക്രമീകരിക്കുന്നതിനുള്ള സംവിധാനം, വേണമെങ്കിൽ പുറമെനിന്നുള്ള ഏജൻസിയുടെ സഹായത്തോടെ നിർണ്ണയിക്കുക, വാർഷിക ഇൻക്രിമെന്റും, ഉദ്യോഗകയറ്റങ്ങളും സാമ്പത്തിക വർഷത്തെയോ, കലണ്ടർ വർഷത്തെയോ അടിസ്ഥാനപ്പെടുത്തി നൽകുക.

- വിതരണ മേഖലയിൽ ബ്രേക്ക് ഡൗൺ, മെയിന്റനൻസ് വിഭാഗങ്ങൾ മേഖലാടിസ്ഥാനത്തിൽ കോൺട്രാക്ട് നൽകുക. ഇതേ തുടർന്ന് കരാർ ജീവനക്കാർക്ക് ഹ്രസ്വകാലത്തേയ്ക്ക് സ്ഥിര നിയമനം നൽകുക.

- സാങ്കേതിക വിഭാഗം ജീവനക്കാരുടെ കുറഞ്ഞ വിദ്യാഭ്യാസ/സാങ്കേതിക യോഗ്യത ഐ.ടി.ഐ ആക്കുക, നിലവിലുള്ള ജീവനക്കാർക്ക് ഐ.ടി.ഐ ലഭിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക. ഉദ്യോഗകയറ്റത്തിന് ഈ യോഗ്യത നിഷ്കർഷിക്കുക.

- ഡിപ്ലോമയോ/തത്തുല്യ യോഗ്യതയുള്ള മീറ്റർ റീഡർ മാർക്ക് മാത്രം സബ് എൻജിനീയർ (ഇലക്ട്രിക്കൽ) ആയി ഉദ്യോഗക്കയറ്റം നൽകുക, മീറ്റർ റീഡർമാരുടെ നിയമനം നിർത്തലാക്കുക, ഈ തസ്തികയിൽ നിലവിലെ 876 ഒഴിവുകൾ നികത്തരുത്.

- സബ് എൻജിനീയർ (ഇലക്ട്രിക്കൽ) ൽ നിന്നും അസിസ്റ്റന്റ് എൻജിനീയർ (ഇലക്ട്രിക്കൽ) ലേയ്ക്കുള്ള ഉദ്യോഗക്കയറ്റം നൽകുന്നതിൽ ചില മാറ്റങ്ങൾ വരുത്തുക (20% ITI ക്വാട്ട 10% ആയി കുറയ്ക്കുക, നിലവിലുള്ള അപ്പോയിൻമെന്റ് ബൈ ട്രാൻസ്ഫർ ക്വാട്ട 10% ത്തിൽ നിന്നും 20% ആയി ഉയർത്തുക. പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമിക്കുന്ന 40% ക്വാട്ട 50% ആക്കുക). അസിസ്റ്റന്റ് എൻജിനീയർ (ഇലക്ട്രിക്കൽ) മാരെ നിയമിക്കുമ്പോൾ അവരുടെ താല്പര്യത്തിനും നിപുണതയ്ക്കും അനുസൃതമായ മേഖലയിൽ നിയമിക്കുക, ഉദ്യോഗക്കയറ്റം മികവിന്റെ അടിസ്ഥാനത്തിലാക്കുക, ട്രെയിനിംഗ് സെന്ററിലേ അസിസ്റ്റന്റ് എൻജിനീയർ തസ്തികകൾ 2-ൽ നിന്നും 1 ആയി ചുരുക്കുക. വിതരണ വിഭാഗത്തിൽ മാനേജ്മെന്റ് ബിരുദധാരികളെയും നിയമിക്കുക.

- ബില്ലിംഗിന് പേഴ്സണൽ ഡിജിറ്റൽ അസിസ്റ്റന്റ് (PDA) സംവിധാനം ഉപയോഗിക്കുന്നതിലൂടെയും വിവര സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിലൂടെയും നിലവിലുള്ള 2950 സീനിയർ അസിസ്റ്റന്റ്മാരുടെ എണ്ണം $1/3^{rd}$ ആയി ചുരുക്കാൻ കഴിയും. PDA സംവിധാനം സാർവത്രികമാക്കുക. തൊഴിൽപരമായി യോഗ്യരായ സീനിയർ അസിസ്റ്റന്റ്മാരെ മാനവ വിഭവ ശേഷി വിഭാഗത്തിലേയ്ക്ക് പുനർവിന്യസിക്കുക, ഇവരെ സെക്ഷൻ ഓഫീസുകളിൽ സാങ്കേതിക ഇതര ജോലിയിലും, ഹൈഡൽ ടൂറിസം മേഖലയിലും പുനർവിന്യസിക്കുക.

- ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസറന്മാരെ നിയമനങ്ങളിൽ ചില മാറ്റങ്ങൾ വരുത്തുക. (ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർമാർക്ക് ബിരുദം + സി.എ/ഐ.സി.ഡബ്ല്യൂ.എ എന്നുള്ളത് സി.എ അല്ലെങ്കിൽ ഐ.സി.ഡബ്ല്യൂ.എ എന്നാക്കുക. ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർമാരുടെ നിയമനം 50% തൊഴിൽപരമായി യോഗ്യരായവരെയും 30% കെ.പി.എസ്.സി നിഷ്കർഷിച്ച യോഗ്യതയുടെയും (കെ.പി.എസ്.സി വഴി) 20% അക്കൗണ്ട് ടെസ്റ്റ് (ഹയർ) പാസായ

സീനിയർ അസിസ്റ്റന്റുമാരിൽ നിന്നും നിയമിക്കുക). ഫൈനാൻസ് ഓഫീസർ മുതലുള്ള ഉദ്യോഗക്കയറ്റം സി.എ/ഐ.സി.ഡബ്ല്യു.എ/എം.ബി.എ (ഫിനാൻസ്) ആയി പരിഗണിക്കുക, അസിസ്റ്റന്റ് ഫിനാൻസ് ഓഫീസർ മുതൽ മുകളിലേയ്ക്കുള്ള ഉദ്യോഗക്കയറ്റങ്ങൾ മികവിന്റെ അടിസ്ഥാനത്തിലാക്കുക.

- അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും എക്സിക്യൂട്ടീവ് എൻജിയറിലേയ്ക്ക് ഡിപ്ലോമ ക്വാട്ട വഴി നൽകുന്ന ഉദ്യോഗക്കയറ്റം ഒഴിവാക്കുക, എക്സിക്യൂട്ടീവ് എൻജിനീയർ മുതലുള്ള ഉദ്യോഗക്കയറ്റങ്ങൾ മികവിന്റെ അടിസ്ഥാനത്തിൽ നൽകുക, ഒരു മേഖലയിൽ നിന്നും മറ്റൊരു മേഖലയിലേയ്ക്ക് വിന്യസിക്കുമ്പോൾ പരിശീലനം നൽകുക.
- കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ഫെയർ കോപ്പി അസിസ്റ്റന്റ് & ഓഫീസ് അറ്റന്റന്റ് എന്നിവരുടെ ജോലികൾ സംയോജിപ്പിക്കുക, ആശ്രിത നിയമനം വഴി ഓഫീസ് അറ്റന്റന്റ്, ഫെയർ കോപ്പി അസിസ്റ്റന്റ് & കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ നൽകുന്ന നിയമനങ്ങൾ ഉടൻ നിർത്തലാക്കുക.
- ഡ്രൈവർ, ത്രൂപ്പുകാർ എന്നീ തസ്തികയിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമനം നൽകുക, ടി തസ്തികയിലേയ്ക്കുള്ള പുതിയ നിയമനങ്ങൾ ഉടൻ നിർത്തലാക്കുക.
- ആശ്രിത നിയമനത്തിനായി ഉദ്യോഗാർത്ഥികൾക്ക് കെ.എസ്.ഇ.ബി.എൽ-ലേയ്ക്ക് ആവശ്യമായ യോഗ്യതാ പരിശീനം നേടുവാനായി നിർദ്ദിഷ്ട കാലയളവിലേയ്ക്ക് വേതനത്തോട്ട കൂടിയ അവധി നൽകുക, ഉയർന്ന തുകയ്ക്കുള്ള ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി ഏർപ്പെടുത്തി ആശ്രിത നിയമന വ്യവസ്ഥ പിൽക്കാലത്ത് നിർത്താലാക്കാവുന്നതാണ്.
- കായിക രംഗത്ത് സജീവ കാലം പൂർത്തിയാക്കി കഴിഞ്ഞ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ മാത്രം സ്പോട്സ് ക്വാട്ടയിൽ നിയമിക്കുന്ന കാര്യം പരിഗണിക്കുക.
- സിവിൽ എൻജിനീയർമാരുടെ സേവനം പ്രയോജനപ്പെടുത്താനായി ഹൈഡൽ ടൂറിസം പദ്ധതികൾ ആവിഷ്കരിക്കുക.
- ചില തസ്തികകളുടെ ഏകീകരണം സംബന്ധിച്ച നിർദ്ദേശങ്ങൾ.
- ചില തസ്തികകൾ നിർത്തലാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ.
- ചില തസ്തികകളുടെ എണ്ണം കുറയ്ക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ.
- ചില ഓഫീസുകൾ സംയോജിപ്പിച്ച് ഏകീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ.
- ജീവനക്കാരുടെ ഉദ്യോഗകയറ്റവും പുരോഗമനവും സംബന്ധിച്ച നിർദ്ദേശങ്ങൾ.

സെക്ഷൻ ഓഫീസർ